File No.DMA2/347/2019-DMD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - 2018-ലെ പ്രളയക്കെടുതിയിൽ പൂർണ്ണമായോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്കുള്ള പുനരധിവാസ പാക്കേജ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ)നം. 7/2019/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 07/03/2019

---

പരാമർശം: 1. സ.ഉ.(കൈ)നം.7/2018/ഡി.എം.ഡി. തീയതി 21.06.2018
2. സ.ഉ.(കൈ)നം.26/2018/ഡി.എം.ഡി. തീയതി 05.11.2018
3. സ.ഉ.(കൈ)നം.1/2019/ഡി.എം.ഡി. തീയതി 11.01.2019
4. സ.ഉ.(സാധാ)നം.124/2019/ഡി.എം.ഡി. തീയതി 16.02.2019

**ഉത്തരവ്**

2018-ലെ പ്രളയത്തെ തുടർന്ന് പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്കുള്ള പുനരധിവാസ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേരളത്തിൽ 2018-ൽ ജൂൺ-ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്ക് നിലവിൽ താമസിച്ചു വന്നിരുന്ന സ്ഥലം ഉൾപ്പെടുന്ന ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ ചുരുങ്ങിയത് 3 സെന്റ് ഭൂമിയോ പരമാവധി 5 സെന്റ് ഭൂമിയോ പതിച്ച് നൽകുകയും, അവിടെ പുതിയ വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ പരാമർശം (2)-ലെ നിബന്ധനകളോടെ അനുവദിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തുന്നു.
2. പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ വാസയോഗ്യമല്ലാതായതോ (75%-ൽ അധികം) ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്ക് നിലവിൽ താമസിക്കുന്ന ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമല്ലെങ്കിൽ ചുരുങ്ങിയത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ പരാമർശം (1),(4) ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. ഇപ്രകാരം വാങ്ങിയ സ്ഥലത്ത് പുതിയ വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ പരാമർശം (1),(2) ലെ നിബന്ധനകളോടെ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വേണു.വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

File No.DMA2/347/2019-DMD

എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്
ഗ്രാമവികസന വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് കത്ത് നം.ബി4-15146/2018/ഡി.ഐ.എം.എസ്. തീയതി, 29/03/2019**

മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്.

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല,കൊല്ലം/മദ്ധ്യമേഖല,എറണാകുളം/ഉത്തരമേഖല, കോഴിക്കോട്.

... ... ... പ്രണ്ട്മാരും / ...